**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5028** **11-08-2021 - ൽ മറുപടിയ്ക്ക്**

**ഭൂപരിധി മാനദണ്ഡം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | റേഷൻ കാർഡ് മുൻഗണന ലിസ്റ്റ് തയ്യാറാക്കുന്നതിനായി ഭൂപരിധി ഒരു മാനദണ്ഡമായി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഭൂപരിധി എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. റേഷൻ മുൻഗണന വിഭാഗത്തെ കണ്ടെത്തുന്നതിനായി സംസ്ഥാനം നിശ്ചയിച്ചിട്ടുള്ള മാനദണ്ഡ(18-09-2017 ലെ സ.ഉ(സാധാ) നം. 320/2017/ ഭ.പൊ.വി.വ) പ്രകാരം പട്ടികവർഗ്ഗക്കാർ ഒഴികെയുള്ളവർക്ക് ഭൂപരിധി ഒരു ഏക്കറായി നിജപ്പെടുത്തിയിട്ടുണ്ട്. പട്ടികവർഗ്ഗക്കാർ ഒഴികെ ഒരു ഏക്കറിന് മുകളിൽ ഭൂമി ഉള്ള മുൻഗണന കാർഡുകൾ കാർഡുടമയുടെ അപേക്ഷ പ്രകാരവും ഫീൽഡ് തല പരിശോധന പ്രകാരവും പൊതുവിഭാഗത്തിലേക്ക് മാറ്റി നൽകിയിട്ടുണ്ട്. നിലവിലെ മാനദണ്ഡപ്രകാരം ഒരേക്കറിനു മുകളിൽ ഭൂമി ഉള്ളവരെ മുൻഗണനയ്ക്കായി പരിഗണിക്കാൻ കഴിയില്ല. |
| (ബി) | ഭൂപരിധി നിശ്ചയിച്ചതുമൂലം വയനാട് ജില്ലയിലെയും മറ്റ് മലയോര മേഖലകളിലേയും കർഷകർ മുൻഗണന ലിസ്റ്റിൽ നിന്നും പുറത്തായിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | ക്ലോസ് (എ) യുടെ ഉത്തരം കണ്ടാലും. |

സെക്ഷൻ ഓഫീസർ